**പി. ആൻറ്. എ.ആർ. (ഔദ്യോഗികഭാഷ) വകുപ്പ്**

**സർക്കാർ ഉത്തരവ് (എം.എസ്.) 8/83/പി.ആൻറ് എ.ആർ.ഡി., തീയതി: 1983 ജൂലൈ 5**

സംഗ്രഹം.– ഔദ്യോഗികഭാഷ മലയാളമാക്കൽ–മലയാള പത്രങ്ങൾക്ക് നൽകുന്ന പരസ്യങ്ങൾ മലയാളത്തിലായിരിക്കണം–ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ഭരണത്തിൻെറ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗികഭാഷയാക്കുക എന്നുള്ളതാണ് സർക്കാരിൻെറ പ്രഖ്യാപിത ലക്ഷ്യം. 18.6.1983 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല ഭരണഭാഷാസമിതിയോഗം കഴിയും വേഗം പ്രസ്തുത ലക്ഷ്യം പ്രാപിക്കാനുതകുന്ന പല തീരുമാനങ്ങളുമെടുത്തിട്ടുണ്ട്.

ഇപ്പോൾ വിവിധ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മലയാള ദിനപ്പത്രങ്ങൾക്കു നൽകുന്ന പരസ്യങ്ങൾ ചിലപ്പോൾ മലയാളത്തിൽ അല്ല എന്ന കാര്യം പ്രസ്തുത യോഗത്തിൻെറ ശ്രദ്ധയിൽ പൊടുകയുണ്ടായി. അതിനാൽ മേലിൽ എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാസ്ഥാപനങ്ങളും മലയാളം പത്രങ്ങൾക്കു നൽകുന്ന പരസ്യങ്ങൾ മലയാളത്തിൽ തന്നെയായിരിക്കണം എന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണറുടെ ഉത്തരവ് പ്രകാരം

**ആർ.ഗോപാലാസ്വാമി**

ചീഫ് സെക്രട്ടറി